"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസിൽ ഫ്രണ്ട് ഓഫീസ് സംവിധാനം, ഫെസിലിറ്റേഷൻ സെന്റർ എന്നിവ ആരംഭിക്കുന്നതിന് ബഡ്ജറ്റ് പ്രൊവിഷനില്ലാതെ ഭരണാനുമതി നൽകിയ ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2726/2024/RD തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23.06.2022 തീയതിയിലെ എൽആർ/5372/2022-എൽആർ(എം1) നമ്പർ നടപടിക്രമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.07.2022, 19.02.2024 തീയതികളിലെ എൽആർ/4114/2022-എഫ്ബി(എ1) കത്തുകൾ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.02.2024, 05.08.2024 തീയതികളിലെ എൽആർ/5372/2022-എൽആർ(എം1) നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ് കാര്യക്ഷമവും ജനസൗഹൃദവും ആക്കുന്നതിലേയ്ക്കായി ഫ്രണ്ട് ഓഫീസ് സംവിധാനം, ഫെസിലിറ്റേഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിലേക്കായി 2053-00-093-99-17 Minor works എന്ന ശീർഷകത്തിൽ 4,09,100/- രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി പരാമർശം-1 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ പ്രസ്തുത പ്രവൃത്തിയ്ക്കായി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ 06/07/2022 തീയതിയിലെ വർക്ക് ഓർഡർ പ്രകാരം ചുമതലപ്പെടുത്തുകയും 22/03/2023 തീയതിയിൽ ജില്ലാ നിർമ്മിതി കേന്ദ്രം പ്രസ്തുത നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച്, 4,09,099/- രൂപയുടെ ഫൈനൽ ബില്ല് സമർപ്പിയ്ക്കുകയുമുണ്ടായി. തുടർന്ന്, പ്രസ്തുത പ്രവൃത്തിയ്ക്കായി ബഡ്ജറ്റ് പ്രൊവിഷനില്ലാതെ തന്നെ ഭരണാനുമതി നൽകിയ നടപടി സാധൂകരിച്ച്, ഭരണാനുമതി നൽകിയ 4,09,100/- രൂപ എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിലേക്കായി ടി ശീർഷകത്തിൽ കേരള ബജറ്റ് മാന്വൽ 95(3) പ്രകാരം അധിക ധനവിനിയോഗാനുമതി അനുവദിച്ച് ഉത്തരവാകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2 & 3 -ലെ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലനിൽക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത ഓഫീസിലെ ഫ്രണ്ട് ഓഫീസ് സംവിധാനം, ഫെസിലിറ്റേഷൻ സെന്റർ എന്നിവ ഏർപ്പെടുത്തുന്നതിന് ബഡ്ജറ്റ് പ്രൊവിഷനില്ലാതെ 2053-00-093-99-17 Minor works എന്ന ശീർഷകത്തിൽ 4,09,100/- രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിയ ലാൻഡ് റവന്യൂ കമ്മീഷണറുടെ

നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

3] പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ 4,09,100/- രൂപ എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിലേക്കായി ഉചിതമായ ഏതെങ്കിലും ശീർഷകത്തിൽ നിന്നും മിച്ചം കണ്ടെത്തി '2053-00-093-99-17-മൈനർ വർക്സ്' എന്ന ശീർഷകത്തിലേക്ക് ധനപുനർവിനിയോഗ ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (04.11.2024-ലെ വ്യയം-എ1/471/2022/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 16-11-2024 11:40:12